# ബാലഗീതങ്ങൾ

ജി. റ്റി. ദേവസ്സി



# ബാലഗീതങ്ങൾ

# ബാലഗീതങ്ങൾ

(ബാലസാഹിത്യം)

JAWAHAR BALABHAVAN & CHILDREN'S LIBRARY KOTTAYAM
5809

വിദ്യാലയങ്ങളിലും മററും ഉപയോഗിക്കുന്നതിനു
വേണ്ടി തയാറാക്കിയതു്.

ഗ്രന്ഥകത്താ,
വിദ്വാൻ എ. ററി. ദേവസ്സി.

വിദ്യാർത്ഥിമിത്രം ബുക്കുഡിപ്പോ;
ബേക്കർറോഡ് : : കോട്ടയം;
വില ഒരു രൂപാ

MA10

(Malayalam)

# BALAGEETHANGAL

(Children's Literature)

By VIDWAN A. T. DEVASSY
SAHITHEE SADANAM,
KUNDAZHIYUR, ENGANDIYUR.

Second Edition: March 1969

Price Re. 1—00

*Copyright reserved by the Publishers.*

Printed at:
The Vidyarthi Mithram Press, Kottayam.

Published by:
**Auroville Publishers, Kottayam—1.**

Distributors:
**Vidyarthi Mithram Press & Book Depot,
Baker Road, Kottayam.**

O. N. 3219—1500

# അവതാരിക

സാഹിത്യവാസനയും ഉത്സാഹവുമുള്ള ഒരു വിദ്യാൎത്ഥിയായി ട്ടാണ് ശ്രീ. എ. ററി. ദേവസ്സിമാസ്റ്ററെ എനിക്കുള്ള ആദ്യപരിചയം. അന്ന്—1923–25 കാലങ്ങളിൽ—അദ്ദേഹം (തലശ്ശേരി) നെട്ടൂർ ട്രെയിനിംഗ് സ്കൂളിൽ ഒരു അദ്ധ്യാപകവിദ്യാൎത്ഥിയായിരുന്നു. സ്കൂൾ വാർഷികോത്സവങ്ങളിൽ പ്രദർശിപ്പിച്ചിരുന്ന അദ്ദേഹത്തിൻെറ ചെറുനാടകങ്ങളും പ്രഹസനങ്ങളും സദസ്യരെ രുചിപ്പിച്ചതായി ഞാൻ ഓൎക്കുന്നുണ്ട്. അക്കാലത്തുതന്നെ ശ്രീ. മൂക്കോത്തു കുമാരൻ അവർകളുടെ ആധിപത്യത്തിൽ നടന്നിരുന്ന "ഗജകേസരി" പത്രത്തിൽ പ്രസിദ്ധീകരിച്ചിരുന്ന സമസ്യകൾ പൂരിപ്പിച്ച് ഇദ്ദേഹത്തിന്നു സമ്മാനങ്ങളും ലഭിച്ചിരുന്നു. തൻെറ ട്രെയിനിംഗ്സ്കൂളിൽ നടത്തിയിരുന്ന "ഗുരുകുലം" മാസികയിൽ ശ്രീ. ദേവസ്സിയുടെ കവിതകളും മററും ഇടക്കു കണ്ടിരുന്നു. സ്കൂൾ വിട്ട് സ്വദേശത്ത് അദ്ധ്യാപകവൃത്തിയിൽ പ്രവേശിച്ചതിന്നുശേഷം തുടരെത്തുടരെയായി പല ഗാനങ്ങളും, പ്രഹസനങ്ങളും, നാടകങ്ങളും ഇദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുള്ളതായി ഞാൻ അറിയുന്നു. ഒന്നുരണ്ടു പുസ്തകങ്ങൾ ഇപ്പോഴും ഖണ്ഡം ഖണ്ഡമായി പ്രസിദ്ധപ്പെട്ടുത്തിവരുന്നുമുണ്ട്.

അദ്ധ്യാപകവൃത്തിയും സാഹിത്യസേവനവും ഒരുമിച്ചു ചെയ്തുകൊണ്ടിരിക്കുന്ന ഈ കാലത്ത്—1956–ൽ—തൻെറ അമ്പത്തിമൂന്നാം വയസ്സിൽ വിദ്വാൻപരീക്ഷയും പാസ്സായി. ഇതു് എല്ലാ അദ്ധ്യാപകന്മാൎക്കും അദ്ധ്യേതാക്കൾക്കും ഉത്സാഹത്തിൻേറയും പരിശ്രമത്തിൻേറയും ഒരു ഉത്തമമാതൃകയുമല്ലേ?

ഇദ്ദേഹത്തിൻെറ ഏററവും പുതിയ കൃതി, "ബാലഗീതങ്ങൾ" എന്ന ഈ ചെറുപുസ്തകമാണ്. ഇതു തൻെറ മററു ചില പ്രസിദ്ധീകരണങ്ങളെപ്പോലെ കുട്ടികളുടെ ഉപയോഗത്തിന്ന് എഴുതിയതാണ്. അതിനാൽ, ചിരകാലം അദ്ധ്യാപകനായിരുന്ന ഞാൻ അതിന്നൊരവതാരിക എഴുതണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. സമ്മതിക്കാതെ എനിക്കു നിവൃത്തിയുമില്ല.

ഈ പുസ്തകം നമ്മുടെ പ്രധാന മന്ത്രിയുടെ ജന്മദിനമംഗളാശംസ
യോടുകൂടി തുടങ്ങുന്നു. ഇതിൽ 24 ഗാനങ്ങളുണ്ട്. ലളിതപദങ്ങളെ
ക്കൊണ്ട് നിർമ്മിച്ച ഈ ഗാനങ്ങൾ കുട്ടികൾക്കു ഭംഗിയിൽ പാടാം.
അവയിലെ ആശയങ്ങൾ കുട്ടികൾക്കു സുഗ്രാഹ്യവും, രസപ്രദവും,
അവരിൽ ഈശ്വരസ്മരണ, കൃത്യനിഷ്ഠ, അനുസരണം, ജീവകാരുണ്യം,
പ്രകൃതിസൌന്ദര്യാസ്വാദനം മുതലായ സൽഗുണങ്ങൾ അങ്കുരിപ്പിച്ചു
വളർത്തുന്നവയുമാണ്. മാസ്റ്ററുടെ ഈ ചെറുകൃതി പാഠശാലകളിൽ
സന്ദർഭാനുസാരം ഉപയോഗിച്ചു കാണുമാറാകട്ടെ എന്നാശംസിച്ച്
അതിനെ അദ്ധ്യാപകലോകത്തിന്റെയും മാതാപിതാക്കന്മാരുടേയും
സന്നിധിയിൽ, വാത്സല്യനിധികളായിരുന്ന എന്റെ ഗുരുനാഥന്മാരെ
സ്മരിച്ച് സാദരം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

പാവറട്ടി,
12-11-1956.

(sd.)
പി. കെ. കോരു, എം. എ., എൽ. ററി.

## ഗ്രന്ഥകൎത്താവു പറയുന്നു:

നവകേരളാംബിക നവോന്മേഷംപൂണ്ടു നടനംചെയ്യുന്ന ഈ വേളയിൽ—മഹാനായ പ്രധാനമന്ത്രി പണ്ഡിററു് നെഹ്റുവിൻെറ ജന്മദിനം ആഹ്ലാദപുരസ്സരം ആഘോഷിക്കപ്പെടുന്ന ഈ 'ബാലദിന' ത്തിൽ—ഈ 'ബാലഗീതങ്ങൾ' പുറത്തു വരുന്നതിൽ ഗ്രന്ഥകൎത്താവിനു് അനല്പമായ ചാരിതാൎത്ഥ്യമുണ്ടു്. ബാലസാഹിത്യപ്രചരണത്തിലും, കുട്ടികളുടെ "ചാച്ചാ നെഹ്റു" ബദ്ധശ്രദ്ധനാണല്ലോ.

കൃത്യാന്തരബഹുലതകൾക്കിടയിൽ ഈ പുസ്തകം സശ്രദ്ധം പരിശോധിച്ചു് ഒരു അവതാരിക എഴുതിത്തന്ന എൻെറ ഗുണകാംക്ഷിയും, ജ്യോതിശ്ശാസ്ത്രസംബന്ധമായും മററും അനേകം വിശിഷ്ട ഗ്രന്ഥങ്ങൾ വിരചിച്ചു് ഇന്ത്യാഗവൺമെണ്ടിൽനിന്നും മദിരാശി സൎവ്വകലാശാലയിൽനിന്നും സമ്മാനങ്ങൾ നേടിയിട്ടുള്ള പണ്ഡിതവരേണ്യനും, സാഹിത്യരസികനുമായ ശ്രീ. പി. കെ. കോരു എം. എ., എൽ. ററി. അവർകളോടു് എനിയ്ക്കുള്ള സ്നേഹബഹുമാനങ്ങൾ സവിനയം പ്രദർശിപ്പിച്ചുകൊള്ളുന്നു.

കാലോചിതമായ ഈ പ്രസിദ്ധീകരണം ബാലലീലോത്സവങ്ങൾക്കും മററും പ്രത്യേകിച്ചും ഉപയോഗപ്രദമായിരിക്കുമെന്നും കരുതുന്നു.

കുട്ടികളുടെ നിലവാരം വിട്ടുള്ള ചില ഗീതങ്ങൾ ഇതിൽ കണ്ടെത്താവുന്നതാണു്. സാന്ദർഭികമായി മുതിൎന്ന വിദ്യാൎത്ഥികളെ ഉദ്ദേശിച്ചു് അവ ഇതിൽ ചേർക്കാനിടയായെന്നുമാത്രം. അദ്ധ്യാപകരുടെ മനോധൎമ്മംപോലെ അവ കൈകാൎയ്യം ചെയ്യു കാര്യം കാണേണ്ടതാണു്.

ഇതിലുള്ള ന്യൂനതകൾ മാന്യവായനക്കാർ ചൂണ്ടിക്കാണിച്ചുതരുന്നപക്ഷം അവ അടുത്ത പതിപ്പിൽ പരിഹരിച്ചുകൊള്ളാം.

വിദ്യാഭ്യാസാധികൃതന്മാരുടേയും പാഠ്യപുസ്തകസമിതിയുടേയും അനുഭാവം ഈ ലഘുകൃതിക്കുണ്ടാകുവാനപേക്ഷിക്കുന്നു.

സാഹിതീസദനം,
എങ്ങണ്ടിയൂർ, വിധേയൻ,
14-11-1956. ഏ. ററി. ദേവസ്യ.
ബാലദിനം)

# ഈ ഞെട്ടിലെ പൂക്കൾ

ജന്മദിനമംഗളാശംസയെത്തുടൎന്ന്,

1. പ്രാൎത്ഥന (ദൈവമേ!...)
2. ,, (ഭക്തജന...)
3. ,, (കൈവല്യപ്രദാ!...)
4. ,, (വരമരുളീടുക...)
5. പാഠം നോക്കും ഞാൻ
6. കോഴിക്കുഞ്ഞുങ്ങൾ
7. തെങ്ങ്
8. പൂക്കാലം
9. മാല കോക്കൽ
10. കുട്ടിയും തുമ്പിയും
11. ചെണ്ടവാദ്യം
12. വനവാസം
13. പൊന്നോണം
14. "ഏട്ടാ! വരൂ."
15. വീട്ടമ്മ
16. ഏഴപേർ
17. വിദ്യാലയത്തിലെ പെരുമാററം
18. നായയും ചെന്നായയും
19. സോപ്പുപെട്ടി
20. പൂച്ചയുടെ സങ്കടം
21. കെണിയിൽപ്പെട്ട എലിക്കുഞ്ഞുങ്ങൾ
22. എൻെറ നാട്ട്
23. കേരളോദയം
24. കേരളദിനം

# ജന്മദിന മംഗളാംശംസ

പാവപ്പെട്ടുള്ള മര്‍ത്ത്യാവലിയെ വലിയതാം
നാശഗര്‍ത്തത്തില്‍നിന്നി–
ങ്ങാവിര്‍മ്മോദാലകററിപ്പല പുതിയ പരി
ഷ്ക്കാരമാര്‍ഗ്ഗങ്ങൾ കാട്ടി;
താവും മാലൊക്കെ മാററിട്ടവരിലനഘമാം
നവ്യഭവ്യങ്ങൾ ചേര്‍ക്കു–
ന്നാവന്ദ്യൻ, ത്യാഗശീലൻ നെഹ്റുജിയുടെ നൽ
ജന്മനാളേ! ജയിയ്ക്കു.

നവമ്പർ 14.

# ബാലഗീതങ്ങൾ

## 1. പ്രാർത്ഥന.

''മാരിവില്ലൊളി'' എന്ന രീതി

1. ദൈവമേ! ദയാസത്തമമേ! കാത്തു
കൊള്ളേണമിഹ ഞങ്ങളെ
കൈവിടാതിഹ കാരുണ്യരാശേ!
കാത്തുകൊള്ളേണമെപ്പൊഴും.

2. എള്ളിലെ'ണ്ണപോൽ പാർത്തട്ടിൽ ലയി-
ച്ചുള്ള തേജസ്സിൻ പൂരമേ!
ഉള്ളിൽത്തിങ്ങുന്ന ഭക്തിയോടിതാ
കൂപ്പുകൈകളപ്പിയ്ക്കുന്നു.

3. ഇപ്രപഞ്ചസംസൃഷ്ടി നോക്കില-
നല്പമാം തവ മാഹാത്മ്യം
ഉൾപ്പൂവിൽത്തെളിവായിക്കണ്ടിടു-
മല്പജ്ഞന്മാക്കു കൂടിയും.

4. ചിത്തത്തിൽ ശുദ്ധി, മർത്ത്യരിൽ മൈത്രി,
സത്തുക്കൾക്കൊത്ത ജീവിതം,
സത്യസന്ധത, ശാന്തത, ക്ഷമ
യിത്യാദി ഞങ്ങൾക്കേകേണ്ണേ!

5. "നല്ല നാളെ"യ്ക്കു കാത്തു കാത്തിരി–
യ്ക്കുന്ന ഞങ്ങളിലല്പവും
അല്പലേശാതെ കാരുണ്യാമൃതം
വർഷിച്ചീടണേ നിത്യവും

(ദൈവമേ! ...)

## 2. പ്രാത്ഥന

''അമ്പിളിയമ്മാവാ'' എന്ന രീതി.

1. ഭക്തജനങ്ങൾക്കെല്ലാമിഷ്ടംപോലെ
മുക്തിയേകം പരനേ!
ശക്തനേ! ചിന്മയനേ ദയാപര!
ഭക്ത്യാ സ്തുതിച്ചിടുന്നു.

2. സൂരിഹൃദയത്തിങ്കലെന്നപോലെ
മൂഢൻെറ ഹൃത്തട്ടിലും
നേരിൽ ലസിച്ചിടുന്ന ദീപമാകും
സവ്വേശ്വരാ! നമോസ്തു.

3. ഭക്തിയായീടുന്നൊരാക്കണ്ണാടിയിൽ
നോക്കുന്നവക്കൊക്കെയും
വ്യക്തമായാകാരത്തെക്കാട്ടീടുന്ന
മുക്തിപ്രദനു കൂപ്പാം.

5. വിദ്യാപ്രവത്തനത്തിൻ കേദാരത്തിൽ
വത്തിക്കും ഞങ്ങൾക്കെല്ലാം
നിത്യം പുരോഗതിയുണ്ടായീടുവാൻ
ഭക്ത്യാ നമിച്ചുകൊള്ളാം.

*



5806 LIBRARY

൭൦൪൫

## 3. പ്രാർത്ഥന.

''കണ്ണും പൂട്ടിയുറങ്ങുക'' എന്ന രീതി

കൈവല്യപ്രദാ! കാരുണ്യരാശേ!
കൈവിട്ടീടല്ലേ പാവങ്ങൾ ഞങ്ങൾ.
ഞങ്ങൾ മൺതരി, മണ്ണിൻെറ മക്കൾ
അങ്ങേ സൃഷ്ടികൾ കാരുണ്യാർഹന്മാർ.
കാരുണ്യത്തിൻെറ കൈവിളക്കങ്ങു
നേരായ് ശോഭിയ്ക്കും ജ്യോതിസ്സുമങ്ങു
നിത്യതത്വം തൻെറ തത്വവുമങ്ങു
സത്തും ചിത്തും സർവ്വസ്വവുമങ്ങു
സത്യം മൂർത്തമാം രൂപവുമങ്ങു
നിത്യം ശാന്തിയേകുന്നതുമങ്ങു
സത്യം, ധർമ്മമിത്യാദി വിടാതെ
കൃത്യം നിത്യമനുഷ്ഠിപ്പാനായി
കാരുണ്യത്തിൻെറ കൈവിളക്കേ! നീ
നേരാം മാർഗ്ഗം കാണിയ്ക്കു ഞങ്ങൾക്കായ്.
കൈവല്യപ്രദാ! കാരുണ്യരാശേ!
കൈ വിട്ടീടല്ലേ പാവങ്ങൾ ഞങ്ങൾ.

*

## * 4. പ്രാർത്ഥന.

''രഘുപതി രാഘവ" എന്ന രീതി

1. വരമരുളീടുക സർവ്വേശാ!
കരങ്ങൾ കൂപ്പി നമിച്ചീടാം.
ഭാസുരമായൊരു ഭാവിയ്ക്കായ്
കൊതിയ്ക്കും ഞങ്ങളിൽ ഭവ്യമെഴാൻ.

2. ഗുരുവരരെന്നും വന്ദ്യരവ-
ക്കതിയായ് പ്രീതിയെഴുന്നവിധം
സ്വഭാവഗുണവും, പഠനത്തിൽ
മിടുക്കുമിവരിൽ ചേർക്കേണം.

3. കരുതിക്കൊള്ളാം, ദീനജനേ
കരുണയൊടീയിവർ പെരുമാറാൻ,
ഒരുവിധമല്ലലുമന്യർക്കായ്
വരുത്തുകില്ലിവരൊരുനാളും

4. ചെറിയവർ ഞങ്ങൾ ലോകത്തി-
ന്നുപകാരികളായ്ത്തീരേണം
ഇതരർക്കുപകാരം ചെയ്യാ-
നുഴിഞ്ഞിടാം തനു മോദേന.

*

---

* ഈ നാലു ഗാനങ്ങളും ഗുരുജനസമ്മേളനങ്ങളിലും മററും പ്രത്യേകിച്ചും ഉപയോഗിക്കാവുന്നതാണ്.

# 5. പാഠം നോക്കും ഞാൻ.

''പൊന്നരിവാളമ്പിളിയില്'' എന്ന രീതി

രാവിലെയുണൎന്നുടനെ വന്ദിയ്ക്കും ദൈവത്തെഞാൻ
ദേഹശുദ്ധിയും വരുത്തി പാഠം നോക്കും ഞാൻ
നന്നായ് പാഠം നോക്കും ഞാൻ.

പാഠമൊക്കെയും പഠിച്ചു ഭക്ഷണം കഴിച്ചു ഞാൻ
പാഠശാലയിങ്കലെത്തും വൈകിടാതെ ഞാൻ
ഒട്ടും വൈകിടാതെ ഞാൻ

മററുകുട്ടികൾക്കു കുററമേററിടുന്നതിന്നു ഞാൻ
ചെററും ശ്രദ്ധ കാണിയ്ക്കില്ല പാഠം ശ്രദ്ധിക്കും.
നന്നായ് പാഠം ശ്രദ്ധിയ്ക്കും.

അന്യരോടു കാരുണ്യം ഞാൻ കാണിച്ചീടുമെപ്പൊഴും
നിന്ദിയ്ക്കില്ലൊരുത്തരേയും; കാരുണ്യം കാട്ടും
നിത്യം കാരുണ്യം കാട്ടും.

*

# 6. കോഴിക്കുഞ്ഞുങ്ങൾ

''പണ്ടൊരു കാക്ക'' എന്ന രീതി.

മുട്ടയിൽനിന്നു വിരിഞ്ഞവരാം
കോഴിക്കുഞ്ഞുകൾ ഞങ്ങളിതാ!
ചിറകു വിരിച്ചു പിടിച്ചമ്മ
ഞങ്ങളെയുള്ളിൽ നിറുത്തീടും.
ഇരതേടിത്തരുമെപ്പോഴും
സന്തോഷിച്ചു കളിച്ചീടും.
അന്നൊരു ദിവസം പോയ് ഞങ്ങൾ
അമ്മയെ വിട്ടു പുറത്തേയ്ക്കായ്.
വലിയ പരുന്തു പറന്നയ്യോ!
വന്നിതു ഞങ്ങളെ റാഞ്ചാനായ്.
പിടികൂടാറായ്—അന്നിലയിൽ
പെടുവാനിവരിടയായ് കഷ്ടം!
പേടിച്ചോടിയ ഞങ്ങളുടൻ
അമ്മയ്ക്കരികിലണഞ്ഞെന്നായ്:
അമ്മയെ ഞങ്ങൾ പിരിയില്ല,
അനുസരണത്തോടു ജീവിക്കും.

*

# 7. തെങ്ങ്

(താരാട്ട്)

തിങ്ങും കുലകൾ ചുമന്നു—നില്ക്കും
തെങ്ങിതാ കാണുവിനിന്നു.

പീയൂഷമേന്തിയ കുംഭം—സദാ
നമ്മൾക്കു നല്കുവാനിമ്പം.

ദാഹിച്ചവൎക്കേകിയാട്ടും—അപ്പോൾ
ദാഹശാന്തി വന്നുകൂട്ടും.

ചേൎത്തീടുകിൽ നാളികേരം—നന്നായ്
ത്തീൎത്തിടാം നൽപ്പലഹാരം.

തെങ്ങോലയാമാലവട്ടം—പിടി-
ച്ചങ്ങുമിങ്ങും വീശി നീട്ടും.

അന്യൎക്കുപകാരമെന്നും—ചെയ്‌വാൻ
നന്നായ് തലപൊക്കിടുന്നു.

സ്വാഗതമോതുമൊന്നൊന്നായ്—യാത്ര-
ക്കാൎക്കു കരം നീട്ടി നന്നായ്.

നൽകുന്നതിൽ പിശുക്കില്ല—തെങ്ങു
നാമൊരാളും മറക്കില്ല.

*

# 8. പൂക്കാലം

''കാണവേണം കാണവേണം'' എന്ന രീതി

പൂത്തിടുന്നു പൂത്തിടുന്നു വള്ളി—കളും
വൃക്ഷങ്ങളും പൂത്തിടുന്നു നന്നായ്—ഏററം
ഭംഗിയേറുമൂട്ടപ്പൂകളിട്ടു പൂക്കൾ വന്നെത്തുന്നു
മുററും—തോഷ—മേററും.

മുററമതിൻ മൂലയ്ക്കായി വന്നു—ചന്ത-
മുററമുക്കുററിയും നന്നായ് നിന്നു—പിച്ചി,
ചെമ്പകപ്പൂ, ചെമ്പരത്തി, ചെമ്പനീർപ്പൂ മുതലായ
പുഷ്പ—ങ്ങളും—നില്പായ്.

നോക്കിടുന്ന ദിക്കിലെല്ലാം പൂക്കൾ—തിങ്ങി
നോക്കിടാൻ തുനിയുന്നവയൊക്കെ—നല്ല
പൂക്കളേ! നിങ്ങളെക്കാണ്മാൻ കൊതിക്കുന്ന
ഞങ്ങൾ തുള്ളും ചിത്തേ—മോദം—കൊള്ളും.

## ൯. മാല കോൎക്കൽ

''വെള്ളാരം കുന്നിലെ'' എന്ന രീതി

ജ്യേഷ്ഠത്തി:— പച്ചിലപ്പന്തൽ പരത്തിനിന്നീടുമി–
പ്പച്ചമാവിൻ കീഴിൽ വന്നാലും നീ.

*   *   *

അനുജത്തി:— എത്തിപ്പോയ് ഞാനെന്റെ ചേച്ചി
നമുക്കിപ്പോൾ
പിച്ചകപ്പൂമാല കെട്ടാം നന്നായ്.

*   *   *

ജ്യേഷ്ഠത്തി:— വല്ലികൾ പുഷ്പിച്ചു നില്ക്കുന്നകണ്ടോനീ?
ഫുല്ലസുമത്തിനോ മന്ദഹാസം.
വണ്ടു മുരണ്ടങ്ങു മണ്ടുന്ന കണ്ടോ നീ,
ഇണ്ടലൊട്ടും വേണ്ട മാലകെട്ടാം.
പൂവറുത്തിപ്പോൾ നമുക്കു വലുതായ
പൂമാല വേണ്ടോളം കോൎക്കാമല്ലോ.

(രണ്ടുപേരുംകൂടി)

മാല ഗുരുജിക്കുമൊന്നു കൊടുക്കേണം
ലീലയ്ക്കുമൊന്നു കൊടുത്തീടേണം.

## 10. കുട്ടിയും തുമ്പിയും

''കണ്ണും പൂട്ടിയുറങ്ങുക'' എന്ന രീതി.

കുട്ടി:— തുമ്പീ! പോരുമോ എൻെറകൂടേ നീ?
തുമ്പി:— പോന്നാലെന്തു തരുമെനിയ്ക്കായ് നീ
കുട്ടി:— നൽകാം താമരപ്പൊയ്ക കുളിപ്പാൻ,
നൽകാം ലീലകൾക്കായി കളവും,
കാണാം നല്ല കളികൾ നിനക്കു,
ഉണ്ണാൻ തേനും തരാം വേണ്ടുവോളം.
പൊന്നോലത്തടുക്കിട്ടിരിപ്പാനും,
പൊന്നിൻ കിണ്ണമങ്ങിട്ടുണ്ണുവാനും.
വെള്ളിക്കിണ്ടി തരാം കൈകഴുകാൻ,
പുള്ളിപ്പട്ടു തന്നീടാം കൈതോർത്താൻ.

*

# 11. ചെണ്ടവാദ്യം

''പണ്ഡിതമോതിലാൽ നെഹ്റു'' എന്ന രീതി.

അമ്പലത്തിൽപ്പോകനമ്മൾ—പൂരമിന്നല്ലേ?
പൂരമിന്നല്ലേ? നമ്മൾ—പോകാൻ വൈകല്ലേ.
ചെണ്ടകൾ മുറുക്കിടുന്നു—കെട്ടുന്നരയിൽ
കെട്ടുന്നരയിൽ—നന്നായ് കൊട്ടാൻ ചൊടിയിൽ.
മാരാരതാ ചെണ്ടകൊട്ടാൻ—തയ്യാറായല്ലോ!
കിർഡ്യം, കിർഡണ്ണ്യം,–ക്രിഡിം, കിർഡ്യം,കിർഡണ്ണ്യം
താളക്കാർ തലകുലുക്കി—നിന്നിടുന്നല്ലോ!
ചിയ്യും, ചിഞ്ചീയ്യും, ചിയം, ചിയ്യും ചിഞ്ചീയ്യും.
താളമേളമെത്രകേമം—തലകുലുക്കലും,
തലകുലുക്കലും—നില്പിൻ നിലയുറയ്ക്കലും.
ഒപ്പം വരിയായിനിൽപൂ—കൊമ്പുകാരതാ,
പെപ്രെ,.പ്പെപ്പെപ്പേ—പെപ്പേ, പെപ്രെപ്പെപ്പെപ്പേ

*

# 12. വനവാസം

''മാരിവില്ലൊളി'' എന്ന രീതി.

ശ്രീരാമൻ കാട്ടിൽ പോകേണ്ടി വന്നു
കൈകേയി തൻെറ സൂത്രത്താൽ.
പത്നിയാം സീതാദേവിയെക്കൂടെ-
ക്കൊണ്ടുപോകേണ്ടി വന്നഹോ!
കല്ലും മുള്ളും ചവിട്ടിയും കനി
ഭക്ഷിച്ചുമത്ര ജീവിതം!!
കാട്ടിൻ നടുവിൽ കഷ്ടപ്പെട്ടവർ
ജീവിച്ചീടുന്ന കാലത്ത്
സീതയെക്കട്ടു രാവണൻ വിമാ-
നത്തിൽ കേററിക്കൊണ്ടങ്ങുപോയ്.

*

## 13. പൊന്നോണം

''തെയ്യകം തെയ്യകം'' എന്ന രീതി.

തെയ്യകം തെയ്യകം തെയ്യകം താരാ
തെയ്യകം തെയ്യകം തെയ്യകം താരാ.

പാടത്തു നെല്ലൊക്കെ നന്നായ് വിളഞ്ഞു
മാടത്തപ്പൈങ്കിളി പാടിത്തെളിഞ്ഞു.
(തെയ്യകം ...)

മുക്കുററി കുത്തു വിളക്കുമായ് വന്നു
മുററത്തിൻ മൂലയ്ക്കു ചുററും നിരന്നു.
(തെയ്യകം ...)

താമര, പൊൻകുട നീർത്തിത്തുടങ്ങീ
താലമുയർത്തിയങ്ങാമ്പൽ തെളിഞ്ഞു.
(തെയ്യകം ...)

തെച്ചിയും തുമ്പയും മന്ദാരവും നൽ-
പ്പിച്ചിയും ചേമന്തിയും പൂ വിതറി.
(തെയ്യകം ...)

കേരള നാടിൻെറ ചിത്തം വിടർന്നു,
കേമമായങ്ങനെ നൃത്തം തുടർന്നു.
(തെയ്യകം ...)

വെൽവുക മാവേലിയാം ചക്രവർത്തി
വെൽവുക വെൽവുക ഭാവുകമൂർത്തി.
(തെയ്യകം ...)

*

## 14. "ഏട്ടാ, വരു"

''മാധവനേ, ഹരി മാധവനേ'' എന്ന രീതി.

മകൻ:— ഏട്ടാ! വരു, വരു, ഏട്ടാ! വരു.
ഏട്ടനൊത്തുചേൎന്നു ഞാനും നട്ട പൂച്ചെടി
വാട്ടമെന്യേ പൂത്തുനില്ക്കുന്നതു നോക്കമ്മേ! നന്നാ—
യതുനോക്കമ്മേ!
എന്തു ചന്തം!—എല്ലാ മെന്തു ചന്തം!
മുന്തിരിവള്ളികൾപഴം തിങ്ങിത്തൂങ്ങുന്ന
ചന്തമൊന്നു കാണുകമ്മേ!—വിളിക്കേട്ടനെ
അമ്മേ! വിളിക്കേട്ടനെ.
അമ്മേ! വിളിക്കേട്ടനെ.
ഏട്ടാ! വരു, വരു—ഏട്ടാ! വരു.

അമ്മ:—

എൻെറ വിളികേൾക്കില്ലവൻ—വരില്ലിനിമേൽ
നിൻെറകൂടെയൊത്തുചേൎന്നു കളിയ്ക്കില്ലിനി,
ചേൎന്നു കളിയ്ക്കില്ലിനി.
പൊന്നുമുഖം—മന്നിൽ കാണില്ലിനി.
അന്നവൻഹാ! നമ്മെ വിട്ടുപോയെന്നന്നേയ്ക്കും
മന്നില്ിനി വീണ്ടും കാൺകയില്ലഹോ! കഷ്ടം!!
കാൺകയില്ലഹോ! കഷ്ടം!!

മകൻ:— എന്തു ചതി, ഹാ! ഹാ! എന്തു ചതി.

പൂക്കൾവിട്ടങ്ങേട്ടൻ പോയോ? വരില്ലെന്നായോ?
കൂക്കിവിളി കൊണ്ടുഫലമില്ലാതായ്പോയോ?
അന്നു ചിന്തിച്ചില്ലി—തൊന്നുംഞാനും

*

# 15. വീട്ടമ്മ

ആംഗ്യപ്പാട്ട് (കുമ്മി)

1. വീട്ടമ്മ വാത്സല്യത്തോടുകൂടി
പാട്ടുപാടി തൊട്ടിലാട്ടിടുന്നു
പൈതങ്ങളെനോക്കിപ്പുഞ്ചിരി തൂകുന്നു
ലാലലാ ലാലലാ ലാലലാ ലാ
ലാലലാ ലാലലാ ലാലലാ ലാ.

2. നെല്ലുകുത്തി കഞ്ഞി വെച്ചിടുന്നു
ചക്കിതിരിക്കുന്നു നൂൽക്കുന്നു മേൽ
കാലുകൾകൊണ്ടു തറിചവിട്ടീട്ടങ്ങു
മുണ്ടുകൾ നെയ്യുന്നു വേണ്ടുവോളം
മുണ്ടുകൾ... ... ... ... ... ... ...

3. പാത്രങ്ങളൊക്കെയും നല്ലവണ്ണം
തേച്ചു കഴുകി വെടിപ്പാക്കുന്നു
പാൽ കുറുക്കീടുന്നതാറിയാൽ പഞ്ചാര
പാകത്തിൽച്ചേർത്തു കൊടുത്തിടുന്നു
പാകത്തിൽ... ... ... ... ... ...

4. നാളികേരം കഷണിച്ചിടുന്നു
നീളെയരയ്ക്കുന്നിതമ്മിമേലായ്
നല്ല കറികൾ ചമയ്ക്കുന്നു വീട്ടമ്മ
ഉല്ലാസമോടെ വിളമ്പിടുന്നു
ഉല്ലാസമോടെ... ... ... ... ...

5. കുട്ടികൾക്കേറ്റം ശുചിയുള്ളതാം
വസ്ത്രങ്ങൾ നൽകിയുടുപ്പിയ്ക്കുന്നു
പാഠശാലയ്ക്കു പറഞ്ഞയച്ചീടുന്നു
പാട്ടുള്ള വേഗത്തിൽ—പാരം മോദാൽ
പാട്ടുള്ള ... ... ... ... ... ... ... ... ...

*

## 16. ഏഴു പേർ

''എന്തു ചെയ്‌വൂ ഞാൻ'' എന്ന രീതി.

ഏഴുപേർ ഞങ്ങൾ, ഐക്യമുള്ളവർ
ആഴ്ചയുണ്ടാകുന്നു ഞങ്ങൾ വേഴ്ച കാരണം.

ഒന്നാമൻ:– ഞാനൊന്നാമനാം; ഞായറെന്നപേർ
മാനമൊത്തു ഞാൻ വഹിച്ചിടുന്നു കേൾ–
ക്കുവിൻ.

രണ്ടാമൻ:– കേൾപ്പിൻ തിങ്കൾ ഞാൻ, ശങ്ക വേണ്ടൊട്ടും
നൽപ്പുകളെഴുന്ന ഞാനോ രണ്ടാമൻതന്നെ.

മൂന്നാമൻ– ചൊവ്വയെന്ന പേരുള്ള ഞാനെല്ലാം
ചൊവ്വൊടെ നടത്തിടുന്നു മൂന്നാമൻ ഞാനും.

നാലാമൻ:–കേൾക്ക ഞാൻ ബുധൻ, നാലാമൻ ഞാനോ
തക്കമെന്യേ കാര്യം ഭംഗിയായ് നടത്തുന്നു.

അഞ്ചാമൻ:–ലോഭമൊട്ടുമില്ലാതെ വ്യാഴം ഞാൻ
ലാഭം നേടിക്കൊള്ളുമഞ്ചാംനമ്പറായ്
നില്പോൻ.

ആറാമൻ:–തള്ളിച്ച തെല്ലും ബാധിക്കാത്ത ഞാൻ
വെള്ളിയെന്നു നിങ്ങൾ നന്നായോർത്തു
കൊള്ളുവിൻ.

ഏഴാമൻ:– അന്ത്യമാമക്കം പേറിടുന്ന ഞാൻ
സന്തതം ശനിയെന്നുള്ള നാമമാൎന്നവൻ.

(എല്ലാവരുംകൂടി)

ഞങ്ങൾ വട്ടത്തിൽ ചുററിടും മൂലം
ഭംഗിയിൽ ദിവസമോരോന്നുണ്ടായ്–
ത്തീരുന്നു.
ഞങ്ങൾ കോക്കുന്നു, തിങ്ങും മോദത്താൽ
നിങ്ങൾക്കുള്ള ജീവിതത്തിൻ നീളം
കൃത്യമായ്.

# 17. വിദ്യാലയത്തിലെ പെരുമാററം

**''ബൊമ്പായ് പതിമേവും'' എന്ന രീതി**

വിദ്യാലയത്തിൽ പഠിക്കുന്ന ഞങ്ങൾക്കു
വിദ്യാഭ്യാസം മുഖ്യമാം
സൽസ്വഭാ—വം മുഖ്യമേററം മുഖ്യം
സൽസ്വഭാ—വം മുഖ്യമേററം മുഖ്യം.

സ്നേഹത്തൊടീ ഞങ്ങൾ വിദ്യാലയത്തിൽപ്പെ—
രുമാറിടും നിത്യവും,
സ്നേഹമി—ല്ലാത്തോരായ്ത്തീരില്ലിവർ
സ്നേഹമി—ല്ലാത്തോരായ്ത്തീരില്ലിവർ.

ഐക്യത്തോടെ ഞങ്ങൾ ജീവിപ്പാൻ ശീലിയ്ക്കും
ശക്യമാണോക്കിലതും,
സത്യമേ—ചൊല്ലുകയുള്ളു ഞങ്ങൾ
സത്യമേ—ചൊല്ലുകയുള്ളു ഞങ്ങൾ.

അദ്ധ്യാപകന്മാക്കു ക്ലേശം വരുത്തുന്ന
തൊന്നും പ്രവത്തിക്കില്ല;
അച്ചട—ക്കം നന്നായ് പാലിച്ചീടും
അച്ചട—ക്കം നന്നായ് പാലിച്ചീടും

ദുർമ്മാർഗ്ഗവാസനക്കാരുമായ് ഞങ്ങൾ പെ-
രുമാറാൻ ചിന്തിക്കില്ല;
കർമ്മധീ...രന്മാരായ് വർത്തിച്ചീടും
കർമ്മധീ—രന്മാരായ് വർത്തിച്ചീടും.

മാതൃഭൂമിയ്ക്കായി സേവനം ചെയ്യുന്നു
മാന്യത ഞങ്ങൾക്കെന്നും,
മാന്യത—യോടെ പെരുമാറിടും,
മാന്യത—യോടെ പെരുമാറിടും.

*

# 18. നായയും ചെന്നായയും

''ചഞ്ചലമായ് നെഞ്ചമിക'' എന്ന രീതി.

നായ്:– വെയിലത്തുനിന്നു വന്ന ചെന്നായേ!–എൻെറ
അയൽവാസി! ചൊല്ലുകെല്ലാമൊന്നായേ.

വളരെ മെലിഞ്ഞുതാനും, തോന്നില്ലേ?–ഞാനോ
വളരെത്തടിച്ചതു താൻ കാണുന്നില്ലേ?

ചെന്നായ്–ഗുണകാലം വരുന്നേരമെല്ലാക്കും–നാനാ
ഗുണഗണമെത്തുപെട്ടമില്ല തർക്കം

നായ്:– യജമാനനെനിക്കായി ദിനം തോറും–നല്ലും
രുചിയേറും മത്സ്യമാംസങ്ങളും ചോറും.

ഒരു കുറവില്ലാതിങ്ങു സുഖിക്കുന്നു–ഞാനോ
പരമ ഭാഗ്യം തികഞ്ഞു വസിക്കുന്നു.

വിലപിടിച്ചൊരു നല്ല പട്ട കെട്ടി–ക്കൊണ്ടു
നിലകൊള്ളുന്നതെനിക്കിങ്ങഴകേററി.

ചെന്നായ്–അടിമത്തം വരിച്ച നിൻ തടി വീത്താൽ–
അതിന്നടിയിലെ മാനക്ഷയം ഭീമം,
പാത്താൽ.

അതിനേക്കാളെത്ര ഭേദം പട്ടിണിയിൽ–
പ്പെട്ടമൃതിയടഞ്ഞു പോവതുമിക്ഷിതിയിൽ.

രമണീയം കാഞ്ചനക്കൂടെന്നാലും–തൃപ്തി
ലവമില്ല ബന്ധനം ഹാ! ബന്ധനം താൻ.

അടിമയാം നിന്നരികിൽ നിന്നീടാ–
നെൻെറ അഭിമാനം തടയുന്നു; പോയീടാം.

*

# 19. സോപ്പുപെട്ടി

''എല്ലാരും ചൊല്ലൺണ്'' എന്ന രീതി.

മകൾ:—കാണുന്നില്ലല്ലോ ഞാൻ, കാണുന്നില്ലല്ലോ ഞാൻ
കഷ്ടമെൻ സോപ്പുംപെട്ടി—അയ്യോ! കഷ്ടം!
അയ്യോ! കഷ്ടമെൻ സോപ്പുംപെട്ടി.

അമ്മ:— നോക്കേണ്ട രാധേ! നീ മററൊരു ദിക്കിലും
നോക്കേണ്ട മോളേ! രാധേ! ഇനി
നോക്കേണ്ട മോളേ! രാധേ!

അച്ഛൻ മരിച്ചിട്ടും, കഷ്ടത വന്നിട്ടും
രക്ഷിക്കുമമ്മയല്ലേ? നിന്നെ രക്ഷിക്കും, നിന്നെ
രക്ഷിക്കുമമ്മയല്ലേ?!

കുഞ്ഞിക്കറിയില്ല; വില്ക്കാനെടുത്തങ്ങു
കുഞ്ഞേ! ഞാൻ മാററിവെച്ചു, പൊന്നു കുഞ്ഞേ!
പൊന്നു കുഞ്ഞേ! ഞാൻ മാററിവെച്ചു.

മകൾ:—വിദ്യാലയത്തിലെ, വാർഷിക നാളിലെ
സമ്മാനമായ പെട്ടി—എൻെറ സമ്മാനം—
എൻെറ സമ്മാനമായ പെട്ടി.

എൻ ചെറു മോതിരം അമ്മയെടുത്തങ്ങു
പോയ് വാങ്ങു വേണ്ടതെല്ലാം,
അമ്മ പോയ്‌വാങ്ങു—അമ്മ പോയ് വാങ്ങു
വേണ്ടതെല്ലാം.

*

JAWAHAR BALBHAVAN & CHILDREN'S LIBRARY KOTTAYAM.

## 20. പൂച്ചയുടെ സങ്കടം

"നീലക്കരുവി" എന്ന രീതി

പോവതെവിടെ? പോവതെവിടെ?
വീട്ടുകാരേ! നിങ്ങൾ പോകയോ?
വീട്ടുകാരേ! നിങ്ങൾ പോകയോ.
'കെട്ടുകെട്ടി' വീടുവിട്ടു
മററൊരു ദേശത്തിൽ പോകയോ?
മററൊരു ദേശത്തിൽ പോകയോ.
ജോലി മാററം മൂലമെങ്കിൽ
പോകല്ലേ പോകല്ലേ, വിട്ടെന്നെ
പോകല്ലേ പോകല്ലേ, വിട്ടെന്നെ.
തുഷ്ടിയോടെയെന്നും നൽകി
പുഷ്ടിവരുത്തിയെനിക്കഹോ!
പുഷ്ടിവരുത്തിയെനിക്കഹോ!
ഈ ഗൃഹം ഞാൻ വിട്ടുപോകാ
ചത്തുപോം കാലംവരേയുമേ,
ചത്തുപോം കാലംവരേയുമേ.

*

# 21. കെണിയിൽപെട്ട എലിക്കുഞ്ഞുങ്ങൾ

''നാദബിന്ദുക്കളോദി'' എന്ന രീതി.

അമ്മ നമ്മോടു പറഞ്ഞതിന്നെതിർ
നമ്മൾ ചെയ്തതു മൂലം കെണിയിലായ്
ഇമ്മഹാ കുടുക്കിലായ്, ചത്തുപോകാൻ
ഇടയായി.
"കൂട്ടിൽ മാംസഭക്ഷണം വെച്ചുകാണും
ഒട്ടും പോകല്ലേ കുഞ്ഞുങ്ങളേ! നിങ്ങൾ
പോകിൽ നിങ്ങൾ കുടുക്കിലാ"മെന്നമ്മ
പറഞ്ഞല്ലോ!
തന്നിഷ്ടം മൂലമിങ്ങനെ ചാകാറായ്
പൊന്നീച്ച പറക്കാറായ് കണ്ണിൽനിന്നും
മന്നിടത്തിലിതുപോലെയാകും ഹാ!
വന്നിടല്ലേ.

*

## 22. എൻെറ നാട്ട്

(വഞ്ചിപ്പാട്ട്)

കേളികേട്ട നാടാകുന്ന കേരളമെൻ ജന്മദേശം
കേരവൃക്ഷം തിങ്ങിടുന്ന നല്ല നാടല്ലോ.

'വള്ളി'കളുള്ളൊരു നാട്ട്, കൊള്ളിക്കൃഷി ചെയ്യുംനാട്ട്
ഉള്ളിലാനന്ദം ചേർത്തിടാനുള്ളൊരു നാട്ട്.

മഞ്ഞപ്പൂക്കൾ, മഞ്ഞ,ളിഞ്ചി മൈലാഞ്ചിയുമുള്ള നാട്ട്
മഞ്ജുളമാം കാഴ്ചകൾ കാണാവുന്ന നാട്ട്.

പച്ചപ്പട്ടു വിരിച്ചൊരാപ്പാടങ്ങളെഴുന്ന നാട്ട്
പച്ചക്കിളി, മഞ്ഞക്കിളി നിറഞ്ഞ നാട്ട്

മാവേലി ഭരിച്ച നാട്ട്, മാമലകളുള്ള നാട്ട്
മാടത്ത, കിളികൾ പാടി രസിക്കും നാട്ട്.

സെൻതോമാസിൻ പാദസ്പർശംകൊണ്ടു പുണ്യം
ചേർന്ന നാട്ട്
സന്തോഷവായ്പാർക്കുമേകീടുന്നൊരു നാട്ട്.

കായലുകളുള്ള നാട്ട് കായക്കുല തിങ്ങും നാട്ട്
പ്രായംചെന്നവർക്കുടയും കിടയ്ക്കും നാട്ട്.

മഹാകവികളാലേററം മഹിമയാർജ്ജിച്ച നാട്ട്
കലകൾതൻ കലവറയായുള്ള നാട്ട്.

തുഞ്ചൻ,കുഞ്ചൻ,ചെറുശ്ശേരി,പൂനം, പൂന്താനം,
പൂന്തോട്ടം,
തമ്പിയുണ്ണായിവർ പുകളേററിയ നാട്ട്.

പള്ളിയും പള്ളിക്കൂടവും, ക്ഷേത്രവും, മുസ്ലിംപള്ളിയു–
മെല്ലോളമകൽച്ചയെന്യേ നിൽക്കുന്ന നാട്ട്.

നമോവാകം, നമോവാകം, മലനാടേ! മമ നാടേ!
നവ്യഭവ്യ ശോഭ പൂണ്ടു വെൽവുക നീണാൾ.

*

## 23. കേരളോദയം*

(വാഴക്കല) ''മലയനപ്പുലയനാം'' എന്ന രീതി.

കരളിങ്കലേറുന്നു സന്തോഷം കേരള-
പ്പിറവി നിമിത്തം ജനങ്ങളെല്ലാം.

അഭിമാനം പൂണ്ടുകൊണ്ടെല്ലാരും തോഷിപ്പു
ശുഭദിനമിന്നല്ലോ ചിന്തിക്കുകിൽ.

പലരും ഭരിച്ചുപോയ്; നിൻെറ ചരിത്രത്തിൽ
പ്പലതായ് ''ക്ഷേണിച്ച'' പാട്ടു കാണാം.

കദനം വരാൻ മേലിൽ കാരണമില്ലൊട്ടും
കവിയുന്ന ഭവ്യങ്ങൾ വന്നുചേരും.

അവശതയൊക്കെയും തീൎന്നുപോയ് നമ്മൾക്കു
നവകേരളോദയം ഭാഗ്യോദയം.

---

* 1956 ഒക്ടോബർ 31-ാം തീയതിയിലെ ''സത്യദീപ''(എറണാകുളം)ത്തിൽ പ്രസിദ്ധീകരിച്ചതു്.

വിമലശ്രീ പൂണ്ടുനീ നിത്യം വിജയത്തിൻ
ധ്വജമേന്തി മേൽക്കുമേൽ ലാലസിക്ക.

വിലസുക ദീർഘ്ഘനാൾ ഭാരതഭൂമിക്കു
തിലകമായ് ശോഭിക്ക കേരളമേ!

# 24. കേരളദിനം*

''നമിക്കിലുയരാം'' എന്ന മട്ട്

നമുക്കുമുയരാം, നവമാം കേരളസംസ്ഥാനം കാണ്മാൻ
നമുക്കു ഭാഗ്യം കരഗതമായിനി സന്തോഷിച്ചീടാം.

നവമ്പറൊന്നേ! നവമ്പറിലൊന്നാംതരം വരിച്ചിതു നീ
നമുക്കു ഭവ്യം കൈവരുവാനിനി താമസമില്ലൊട്ടും.

വിനാവിളംബം കേരളധരണീ! വെൽവുകമേന്മേൽ നീ
നിതാന്തകീർത്ത്യാ ഭാരതഭൂവിന്നൊരു തൊടുകുറിയായി.

പഴക്കമിയലും താവകചരിതം പരിശോധിച്ചാല-
ങ്ങൊരായിരം വത്സരമായ് പലരും ഭരണം ചെയ്തല്ലോ.

അനേകമാക്കി‹‹ക്കഷണിച്ച്''ന്നു ഭരിച്ചതുമൂലം ഹാ!
അനൈക്യമുളവായ് വന്നതു തീർന്നിന്നൊരൈക്യ
കേരളമായ്.

ശുഭപ്രതീക്ഷാപരിപൂർണ്ണം കനകാക്ഷരമദ്ധ്യായം
കുറിക്കുമിന്നിക്കേരള ചരിതം സ്മരണീയം നിത്യം.

സ്വതന്ത്രഭാരതതിലകം, പ്രഥമസ്ഥാനം, നാൽസ്ഥാനം,
നിതാന്തവിശ്രുതിയിവയുംനേടും കേരളസംസ്ഥാനം.

---

* 1956 നവമ്പർ 1-ാം തീയതിയിലെ ''തൊഴിലാളി'' (തൃശ്ശൂർ) വിശേഷാൽപ്രതിയിൽ പ്രസിദ്ധീകരിച്ചതു്.

വികാരജനകം, വിജയസമുന്നതകോലാഹലമാളും
വിശിഷ്ടദിനമേ! വെൽവുക വിജയ
ശ്രീലാളിതമായ് നീ.

വിലപ്പെട്ടംതേ ‚‚തൊഴിലാളി''കളുടെ വിജയം കാട്ടീട്ടം
വിശിഷ്ടദിനമേ! വെൽവുക വിജയ
ശ്രീലാളിതമായ് നീ.

*

**KOTTAYAM PUBLIC LIBRARY**
JAWAHAR BAL BHAVAN & CHILDREN'S LIBRARY
KOTTAYAM.

*Cl. No* MA10 *Acc. No.* 5803

This book sho[...] returned on or before the date last stamped bel[...]

1[...] JUN 1982

MA·10 ക803

MA·10

ദേവസ്സി.എ.റ്റി

ബാലഗീതങ്ങൾ

ക803.